**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 45** **27-01-2026 - ൽ മറുപടിയ്ക്ക്**

**2016 മുതൽ 2021 വരെയുള്ള പി.എസ്.സി. നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2016 മുതൽ 2021 വരെ വിവിധ വകുപ്പുകളിലായി പി.എസ്.സി. മുഖേന എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 2016- 26,247<br>2017 – 35,911<br>2018 - 28,025<br>2019 - 35,422<br>2020 - 25,914<br>2021 - 26,724 |
| (ബി) | 2021 മുതൽ 2026 നാളിതുവരെ എത്രപേർക്ക് പി.എസ്.സി. മുഖേന നിയമനം നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ; | (ബി) | 2021 - 26,724<br>2022 - 22,393<br>2023 - 34,110<br>2024 - 34,196<br>2025 - 37,355<br>2026 (ജനുവരി 19 വരെ) - 650 |
| (സി) | വിവിധ വകുപ്പുകളിലെ റിട്ടയർമെന്റ് ഒഴിവുകൾ പി.എസ്.സി.യെ സമയബന്ധിതമായി അറിയിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | ഓരോ കലണ്ടർ വർഷവും വിരമിക്കൽ/ ഉദ്യോഗക്കയറ്റം/ തസ്തിക സൃഷ്ടിക്കൽ/അന്യത്ര സേവനം മുതലായവ മൂലമുണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി നിയമന ശിപാർശ നൽകുന്ന ഉദ്യോഗാർത്ഥി സർവ്വീസിൽ പ്രവേശിക്കാത്തതു മൂലമുണ്ടാകുന്ന NJD ഒഴിവുകളും കണക്കാക്കി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് മുൻകൂറായി റിപ്പോർട്ട് ചെയ്യണമെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും വിവിധ സർക്കാർ ഉത്തരവുകളിലൂടെയും സർക്കുലറുകളിലൂടെയും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പി.എസ്.സി. മുഖാന്തിരം നിയമനം നടത്തുന്ന കമ്പനി/ കോർപ്പറേഷൻ/ബോർഡ്/യൂണിവേഴ്സിറ്റികൾ/ സഹകരണ സ്ഥാപനങ്ങൾ എന്നിവയിലെ വിവിധ തസ്തികകളിലെ എല്ലാ ഒഴിവുകളും പി.എസ്.സി. യുടെ ഇ-വേക്കൻസി സോഫ്റ്റ് വെയർ മുഖേന കൃത്യമായി റിപ്പോർട്ട് ചെയ്യേണ്ടതാണ് എന്ന് എല്ലാ വകുപ്പ മേധാവികൾക്കും നിയമനാധികാരികൾക്കും സ്ഥാപന മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ